**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3747** **27-06-2024 - ൽ മറുപടിയ്ക്ക്**

**ആർ.സി. ബുക്ക്, ഡ്രൈവിംഗ് ലൈസൻസ് കാർഡുകൾ എന്നിവ വിതരണം ചെയ്യുന്നതിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ആർ.ടി.ഒ.കളിൽ നിന്ന് ആർ.സി. ബുക്ക്, ഡ്രൈവിംഗ് ലൈസൻസ് കാർഡുകൾ എന്നിവ വിതരണം ചെയ്യുന്നതിലെ കാലതാമസം എപ്പോൾ പരിഹരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (എ) | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് / ഡ്രൈവിംഗ് ലൈസൻസ് എന്നിവ PVC Pet G കാർഡിൽ പ്രിന്റ് ചെയ്യുന്നതിന് സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസിയായ M/s ITI Ltd. ന് നൽകുവാനുണ്ടായിരുന്ന തുക കുടിശ്ശിക ആയിരുന്നതിനാലാണ് പ്രിന്റിംഗ് മുടങ്ങിയത്. നിലവിൽ ടി കുടിശ്ശിക തുക M/s ITI Ltd. ന് പൂർണ്ണമായും നൽകുകയും കാലതാമസം വരാതെ പ്രിന്റിംഗ് നടത്തുവാൻ ഐ.ടി ഐ. ലിമിറ്റഡിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് പൂർണ്ണതോതിൽ പ്രിന്റിംഗ് നടന്നുവരുന്നതിനാൽ നിലവിൽ പുതിയ അപേക്ഷകളിൽ പെന്റിംഗ് ഉള്ള മൂന്നുലക്ഷത്തി അറുപതിനായിരത്തോളം ഡ്രൈവിംഗ് ലൈസൻസുകളും നാലുലക്ഷത്തി എൺപതിനായിരത്തോളം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും ഏകദേശം ഒരു മാസത്തിനുള്ളിൽ പ്രിന്റ് ചെയ്ത് നൽകാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ